LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആട്ടത്തോട് പട്ടികവർഗ്ഗ സങ്കേതത്തിനുള്ളിൽ നടപ്പുവർഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ള പ്രൈമറി സ്കൂളിന് സ്ഥിരമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഒരു ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് ബന്ധപ്പെട്ട വനാവകാശ സമിതി, ഊരുകൂട്ട യോഗം എന്നിവ ചേർന്ന് തീരുമാനം കൈക്കൊള്ളുകയും ആവശ്യമായ രേഖകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റാന്നി ടൈബൽ ഡെവലപ്മെന്റ് ഓഫീസിൽനിന്ന് കൈമാറുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെയാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. റാന്നി ഫോറസ്റ്റ് റേഞ്ച് ആഫീസർ മുഖേന ടി സ്ഥലം അളന്ന് നൽകുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിച്ച് വരുന്നു. നിലയ്ക്കൽ ക്ഷേത്രകവാടത്തിന് എതിർവശമുള്ള ഒരു ഹെക്ടർ സ്ഥലമാണ് ഇതിനായി ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) വനം വകുപ്പിന്റെ അധീനതയിലുള്ള റിസർവ് വന ഭൂമിയാണിത്. ഇത് സംബന്ധമായ ഫയൽ റാന്നി ടൈബൽ ഡെവലപ്മെന്റ് ഓഫീസിലും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിലും ഫോറസ്റ്റ് ഡിവിഷണൽ ആഫീസിലും നിലവിലുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

മുള്ളുമല ഗിരിവർഗ്ഗ കോളനിയുടെ നവീകരണം

235(2439) ശ്രീ. കെ. ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ മുള്ളുമല ഗിരിവർഗ്ഗ കോളനിയുടെ നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ നിർവ്വഹണച്ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോളനിയുടെ നവീകരണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും അഴിമതിയോ ക്രമക്കേടോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ സ്ഥലം എം.എൽ.എ.യുടേതുൾപ്പെടെ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നവീകരണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഒരു കോടി രൂപ ചെലവഴിച്ച് മുള്ളുമല പട്ടികവർഗ്ഗ കോളനിയിൽ നടപ്പിലാക്കി വരുന്ന ഹാംലറ്റ് വികസന പദ്ധതിയുടെ നിർവ്വഹണച്ചുമതല ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി-ഡി) സ്ഥലം എം.എൽ.എ.യുടെ പരാതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർ

236(2440) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് എത്ര ഭൂമി വീതമാണ് ഓരോ ജില്ലയിലും വിതരണം ചെയ്തിട്ടുള്ളത് ; ഇക്കാലയളവിൽ ആകെ എത്ര ഭൂമിയാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) വിതരണം ചെയ്തിട്ടുള്ള ഭൂമി എത്ര ആളുകൾ ഏറ്റെടുത്ത് താമസം ആരംഭിച്ചു എന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇവർക്ക് എന്തൊക്കെ പാക്കേജുകളാണ് നൽകിയിരുന്നത് ; ഇനിയും ഭൂമി ഏറ്റെടുക്കുകയോ താമസം ആരംഭിക്കുകയോ ചെയ്തിട്ടില്ലാത്ത കേസുകളിൽ ഇനി എന്ത നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു:

- ടി. ആർ.ഡി.എം. പദ്ധതി പ്രകാരം 651 പേർക്ക് 549.648 ഏക്കർ ഭൂമിയും
- 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പ്രകാരം 524 പേർക്ക് 183.901 ഏക്കറും
- കെ.എസ്.റ്റി. ആക്ട് മുഖേന 785 പേർക്ക് 611.61 ഏക്കറും